(ബി) ഉണ്ടെങ്കിൽ ഈ റോഡിന്റെ പണി എന്ന് ആരംഭിക്കും ;

(സി) എത്ര കാലം കൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ?

ഉത്തരം

(എ) ഒരു പ്രധാന ഡിസ്ട്രിക്റ്റ് റോഡായ ഏറുമാനൂർ-ഈരാറ്റുപേട്ട റോഡ് പുനരുദ്ധാരണം നടത്തി, സ്റ്റേറ്റ് ഹൈവേയായ ഈരാറ്റുപേട്ട-പീരുമേട് റോഡുമായി ബന്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ട്.

(ബി) 1986-87 സാമ്പത്തിക വർഷത്തിൽ ഈ പണി തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) രണ്ട് വർഷം കൊണ്ട് പണി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കാഞ്ഞിരപ്പാറ-വെട്ടൂർ റോഡ്

447 [639] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാലപ്പുഴ പഞ്ചായത്തിലെ കാഞ്ഞിരപ്പാറ-വെട്ടൂർ റോഡ് (കിഴക്കുപുറം വഴി) ന്റെ പണി ദീർഘകാലമായി മുടങ്ങിക്കിടന്നിരുന്നത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റോഡിന്റെ പണി ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഈ റോഡിന്റെ പണി ഏറ്റെടുത്തിരുന്ന കരാറുകാരൻ പണി നിറുത്തി വച്ച് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തതിനാലാണ് പണി പൂർത്തിയാക്കാൻ കഴിയാതെ പോയത്. ഇപ്പോൾ ആർബിട്രേഷൻ കേസ് വിധിയായിട്ടുണ്ട്. ശേഷിച്ച പണിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയശേഷം മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

പാലേരി-ഒറക്കണ്ടം റോഡിന്റെ പണി

448 [640] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പാലേരി-ഒറക്കണ്ടം റോഡിന്റെ പണി എന്നത്തേക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നിലവിലുള്ള കരാർ റദ്ദാക്കി, റോഡിന്റെ ബാക്കി പണി കഴിവതും വേഗത്തിൽ പുനരാരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly